**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 251** **29-01-2024 - ൽ മറുപടിയ്ക്ക്**

**മരുന്ന് കമ്പനികൾക്ക് നൽകാനുള്ള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ ആശുപത്രികൾക്ക് ആവശ്യമുള്ള മരുന്ന് വാങ്ങിയതിൽ മരുന്ന് കമ്പനികൾക്കു കൊടുക്കാനുള്ള നിലവിലെ കുടിശ്ശികയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | സർക്കാർ ആശുപത്രികൾക്ക് ആവശ്യമുള്ള മരുന്ന് വാങ്ങിയതിൽ മരുന്ന് കമ്പനികൾക്ക് നിലവിൽ **417.21** കോടി രൂപ കുടിശ്ശികയിനത്തിൽ നൽകാനുണ്ട്. |
| (ബി) | കാരുണ്യ ഫർമസിക്കു ആവശ്യമുള്ള മരുന്ന് വാങ്ങിയതിൽ മരുന്ന് കമ്പനികൾക്കു കൊടുക്കാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ നൽകാമോ; | (ബി) | കാരുണ്യ ഫാർമസിക്കു ആവശ്യമുള്ള മരുന്ന് വാങ്ങിയതിൽ മരുന്ന് കമ്പനികൾക്ക് നിലവിൽ **98.59** കോടി രൂപ കുടിശ്ശികയിനത്തിൽ നൽകാനുണ്ട്. |
| (സി) | ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങാൻ വേണ്ടി കെ.എം.എസ്.സി.എൽ.-നു കഴിഞ്ഞ മൂന്ന് വർഷം നൽകിയ തുകയുടെ വിശദാംശങ്ങൾ നൽകാമോ; | (സി) | **2020-2021, 2021-2022, 2022-2023** സാമ്പത്തിക വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മാതൃക ഇൻവോയ്സുകൾക്ക് ആനുപാതികമായി **171,82,03,649/-** രൂപ കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. |
| (ഡി) | എത്ര രൂപയുടെ മരുന്നാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു നിലവിൽ നൽകാനുള്ളത് എന്ന് വ്യക്തമാക്കാമോ? | (ഡി) | കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ കോർപ്പറേഷന് ലഭ്യമായ **171.82** കോടി രൂപയിൽ ഇനി വിതരണം ചെയ്യാനുള്ള **16,64,30,547/-** രൂപയുടെ മരുന്നുകൾക്കുപുറമെ കഴിഞ്ഞ മൂന്ന് മാസത്തിന് മുൻപ് വരെ ലഭിച്ച പ്രൊഫോർമകൾക്ക് ഉൾപ്പെടെ പർചേസ് ഓർഡർ നൽകിയിട്ടുണ്ട്. ബാക്കിയുള്ളവയിൽ ഈ ആഴ്ച തന്നെ പർചേസ് ഓർഡർ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ